**പതിനാലാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 99** | **28.06.2016-ൽ മറുപടിക്ക്**

## നിയമസഭാ തെരഞ്ഞെടുപ്പ് 2016

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഉദുമയിൽ യു.ഡി.എഫ് സ്ഥാനാർത്ഥി പരസ്യമായി കള്ളവോട്ട് ചെയ്യണമെന്ന് ആഹ്വാനം ചെയ്യുന്നതായി പറയപ്പെടുന്ന വീഡിയോ ക്ലിപ്പുമായി ബന്ധപ്പെട്ട വിഷയം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് ചീഫ് ഇലക്ടറൽ ഓഫീസർക്കും ജില്ലാ കളക്ടർക്കും റിട്ടേണിംഗ് ഓഫീസർക്കും ജില്ലാ പോലീസ് മേധാവിക്കും നൽകിയ പരാതികളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) പരാതി റിട്ടേണിംഗ് ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവർ മുഖാന്തിരം പരിശോധിക്കുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് തുടർനടപടികൾക്കും നിർദ്ദേശങ്ങൾക്കുമായി ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പരസ്യമായി കള്ളവോട്ട് ചെയ്യണമെന്ന് ആഹ്വാനം ചെയ്യുന്ന വീഡിയോക്ലിപ്പും പരാതികളും ലഭിച്ചിട്ടും ഇതുവരെ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇതിന് ആരുടെ ഭാഗത്തുനിന്നാണ് കാലതാമസം ഉണ്ടായതെന്ന് വിശദമാക്കാമോ? | (സി) വീഡിയോയിൽ പറയുന്ന കാര്യത്തെ സംബന്ധിച്ച് പോലീസിന് നേരിട്ട് കേസ്സെടുത്ത് അന്വേഷണം നടത്താൻ തക്ക (Cognizance) കുറ്റകൃത്യം നടന്നതായി വെളിവായിട്ടില്ലാത്തതിനാൽ ബേക്കൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ടി കാര്യത്തിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഹോസ്ദുർഗ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മജിസ്ട്രേറ്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതാണ്. ഇക്കാര്യത്തിൽ ആരുടെയും ഭാഗത്തു നിന്നും ബോധപൂർവ്വം കാലതാമസം ഉണ്ടായിട്ടില്ല. സംഭവ സ്ഥലത്തെക്കുറിച്ചുള്ള അവ്യക്തത മൂലം ടി പരാതി ആദ്യം വിദ്യാ നഗർ സബ് ഇൻസ്പെക്ടർക്കാണ് അയച്ചു കൊടുത്തത്. സംഭവ സ്ഥലം ബേക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ് നടന്നത് എന്ന വെളിവായതിന്റെ അടിസ്ഥാനത്തിൽ ടി പരാതി ബേക്കൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്ക് അയച്ചു കൊടുക്കുകയാണ് ഉണ്ടായത്. |

**സെക്ഷൻ ഓഫീസർ**